ഡോ. മൻമോഹൻ സിംഗ് പ്രധാനമന്ത്രിയും ശ്രീമതി സോണിയാ ഗാന്ധി അധ്യക്ഷയുമായ യു.പി.എ സർക്കാർ അതിന്റെ പത്താം വാർഷികത്തിലേക്ക് കടക്കുകയാണ്. തെരഞ്ഞെടുപ്പിനു മുമ്പുള്ള സർക്കാരിന്റെ അവസാന വർഷവുമാണിത്. സ്വാതന്ത്ര്യത്തിനു ശേഷമുണ്ടായിട്ടുള്ള സർക്കാരുകളിൽ ഏറ്റവും അഴിമതി നിറഞ്ഞ സർക്കാരാണ് ഡോ. മൻമോഹൻ സിംഗിന്റേതെന്ന് കടന്നു പോകുന്ന ഓരോ ദിവസവും അടയാളപ്പെടുത്തുന്നുണ്ട്. ഇതൊരു കൂട്ടുമുന്നണി സർക്കാരല്ല, മറിച്ച് അഴിമതിക്കാരുടെ ഒരു ഒരു കൂട്ടുമുന്നണിയാണ്.

വൻ കുംഭകോണങ്ങൾ, ഞെട്ടിക്കുന്ന അഴിമതി, കോഴയും കൈക്കൂലിയും, കനത്ത സാമ്പത്തിക തിരിമറി തുടങ്ങിയവ അമ്പരപ്പിക്കുന്ന വിധത്തിലാണ് ഓരോ ദിവസവും വെളിപ്പെടുന്നത്. സർക്കാരിലെ രാഷ്ട്രീയ നേതൃത്വത്തിന്റെ ആശീർവാദത്തോടെ ഇടനിലക്കാരും, ഓപറേറ്റർമാരും ഉന്നതലത്തിൽ നടത്തുന്ന ഗൂഡാലോചനയിലൂടെയാണ് ലക്ഷക്കണക്കിന് കോടികൾ വരുന്ന പൊതുഖജനാവിലെ പണം ഓരോ കുംഭകോണത്തിലും ഒഴുകുന്നത്. ഇതിലെ ഒട്ടുമിക്ക കേസുകളിലും സർക്കാരിലെ രാഷ്ട്രീയ നേതൃത്വത്തിന് കൃത്യമായ പങ്കാളിത്തമുണ്ട്. അതിനു പുറമെ പലതിനും നേർക്ക് കണ്ണടയ്ക്കുകയും ചെയ്യുന്നുണ്ട്. രാജ്യത്തിന്റെ സമ്പത്ത് ഈ വിധത്തിൽ കൊള്ളയടിക്കുന്നതു കണ്ടിട്ടും പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗും യു.പി.എ അധ്യക്ഷ സോണിയാ ഗാന്ധിയും "ഗൂഢമായ മൗനം"(conspiracy of silence)വും കുറ്റകരമായ അനാസ്ഥയും (Culpablity of Inaction) തുടരുകയാണ്. കുംഭകോണങ്ങൾക്കു പുറമെ കുംഭകോണങ്ങളുണ്ടാകുന്നത് രാജ്യത്തെ സ്തബ്ധരാക്കിയിട്ടുണ്ട്.

**കുംഭകോണങ്ങളുടെ പരമ്പര**

ഈ പട്ടികയ്ക്ക് അവസാനമില്ല. കേന്ദ്ര ടെലികോം മന്ത്രാലയത്തിനു കീഴിൽ നടന്ന 1.76 ലക്ഷം കോടി രൂപയുടെ 2ജി ലൈസൻസ് കുംഭകോണം സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും നാണക്കേടുണ്ടാക്കിയ സംഭവമാണ്. ഈ ലൈസൻസുകൾ സുപ്രീം കോടതി റദ്ദാക്കിയിട്ടും ഇതുമായി ബന്ധപ്പെട്ടുള്ള വിചാരണ നടക്കുമ്പോഴും സർക്കാരിലെ മുതിർന്ന ഒരു മന്ത്രി ഇപ്പോഴും പറയുന്നത് 2ജി ലൈസൻസ് വിതരണത്തിൽ ക്രമക്കേട് നടന്നിട്ടില്ലെന്നാണ്. ധനമന്ത്രി പി. ചിദംബരത്തിനെതിരെ മതിയായ തെളിവുകളുണ്ടായിട്ടും അദ്ദേഹത്തിന് നിഷ്കളങ്ക സർട്ടിഫിക്കറ്റ് നൽകുകയാണ് പ്രധാനമന്ത്രി നിരന്തരം ചെയ്യുന്നത്. ഈ വൻ കുംഭകോണത്തിൽ ചിദംബരത്തിന്റെയോ പ്രധാനമന്ത്രിയുടെ ഓഫീസിന്റെ (പി.എം.ഒ)യോ പങ്ക് പരിശോധിക്കാൻ സി.ബി.ഐക്ക് അനുമതി നൽകിയിട്ടില്ല. സി.ബി.ഐ പ്രോസിക്യൂട്ടർ കേസിലെ പ്രതിയെ സഹായിച്ചെന്ന വാർത്തകർ പുറത്തു വരുന്നുണ്ട്. അന്വേഷണത്തിന്റെയും വിചാരണയുടേയും സുതാര്യതയെ കുറിച്ച് ആശങ്കകൾ വർധിപ്പിക്കുന്ന കാര്യങ്ങളാണ് ഇവ.

കോമൺവെൽത്ത് ഗെയിംസ് സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട അഴിമതിയെ തുടർന്ന് സുരേഷ് കൽമാഡിയും അദ്ദേഹത്തിന്റെ സഹായികളും വിചാരണ നേരിടുന്നുണ്ട്. എന്നാൽ ഇത് കൽമാഡിയിൽ മാത്രം അവസാനിക്കുന്ന ഒന്നല്ല. അയാൾ ഇതിലെ പ്രധാന കളിക്കാരിൽ ഒരാൾ മാത്രമാണ്. അതിലെ അഴിമതിയുടെ വേര് ആഴത്തിൽ വേരോടിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഓരോ ഫയലിനും

ക്യാബിനറ്റും ക്യാബിനറ്റ് സബ്-കമ്മിറ്റിയും മന്ത്രിതല സമിതിയും എക്സ്പെൻഡിച്ചർ ഫിനാൻസ് കമ്മിറ്റിയും ഒടുവിൽ പ്രധാനമന്ത്രി നേരിട്ടുമാണ് അനുമതി നൽകിയിട്ടുള്ളത്. പ്രധാനമന്ത്രി നിയമിച്ച ഷുംഗ്ലു കമ്മിറ്റി അവരുടെ റിപ്പോർട്ടിൽ ഷീലാ ദീക്ഷിത് നയിക്കുന്ന ഡൽഹി സർക്കാരിനെതിരെ രൂക്ഷ പരാമർശങ്ങൾ നടത്തിയിരുന്നു. പദ്ധതികൾ അനാവശ്യമായി വൈകിപ്പിച്ച് അതിന്റെ പേരിൽ ചിലർക്ക് അവിഹിത സമ്പാദ്യം ഉണ്ടാക്കുന്നതിന് ഉന്നതതലത്തിൽ തന്നെ മന:പൂർവമായ ശ്രമം ഉണ്ടായിട്ടുണ്ടെണ്ടന്ന് കമ്മിറ്റി റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. 70,000 കോടി രൂപയുടേതായിരുന്നു ഈ കുംഭകോണം. കുറ്റക്കാർക്കെതിരെ നടപടിയുണ്ടാകുമെന്ന് പ്രധാനമന്ത്രി പാർലമെന്റിൽ പ്രഖ്യാപിച്ചെങ്കിലും ഷീലാ ദീക്ഷിത് സർക്കാരിനെതിരെ യാതൊരു വിധത്തിലുള്ള സി.ബി.ഐ അന്വേഷണവും നടന്നിട്ടില്ല.

142 കൽക്കരി പാടങ്ങൾ അനുവദിച്ച കൽക്കരി കുംഭകോണത്തിലൂടെ രാജ്യത്തിന് നഷ്ടപ്പെട്ടത് 1.86 ലക്ഷം കോടി രൂപയാണ്. കോൺഗ്രസ് നേതൃത്വത്തിന്റെ അടുപ്പക്കാർക്കും സ്വന്തക്കാർക്കുമായി യാതൊരു വിധത്തിലുള്ള മാനദണ്ഡങ്ങളും പാലിക്കാതെയാണ് ഈ കൽക്കരി പാടങ്ങൾ അനുവദിച്ചത്. ശരിയായ അന്വേഷണം നടത്തുന്നതിന് ആവശ്യമായ ഫയലുകൾ പോലും സി.ബി.ഐക്ക് നിഷേധിക്കപ്പെട്ടു. പ്രധാനമന്ത്രി തന്നെ കൽക്കരി വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന കാലത്താണ് ഈ കുംഭകോണം നടന്നത് എന്നതാണ് ഇതിന്റെ പ്രധാന കാരണം. അതുകൊണ്ടു തന്നെ മൻമോഹൻ സിംഗ് രാഷ്ട്രീയപരമായും ധാർമികമായും കൽക്കരി കുംഭകോണത്തിന് നേരിട്ട് ഉത്തരവാദിയാണ്. ഇക്കാര്യത്തിൽ ശരിയായ അന്വേഷണം പോലും നിഷേധിക്കപ്പെട്ടു എന്നത് അതിലേറെ ദൗർഭാഗ്യകരമാണ്.

വിദേശ ബാങ്കുകളിലുള്ള പണം (ഏകദേശം 25 ലക്ഷം കോടിയോളം) തിരികെ കൊണ്ടു വരാനുള്ള വൈമുഖ്യം, ദേവാസ്-ആൻട്രിക്സ് കരാർ (രണ്ടു ലക്ഷം കോടി രൂപ), ഡൽഹി അന്താരാഷ്ട്ര വിമാനത്താവള സ്വകാര്യവത്ക്കരണവുമായി ബന്ധപ്പെട്ട് ആയിരക്കണക്കിന് കോടികൾ വില വരുന്ന ഭൂമി വിട്ടു കൊടുത്തതിലെ അഴിമതി, ആദർശ് ഹൗസിംഗ് കുംഭകോണം, ഈ പട്ടികയ്ക്ക് അവസാനമില്ല. ഈ കേസുകളിലൊക്കെ അന്വേഷണം സാധ്യമായത് ബി.ജെ.പിയുടെ അതിശക്തമായ ഇടപെടലും മാധ്യമങ്ങളും കോടതിയുടെ ഇടപെടലും മൂലമാണ്. ഇക്കാര്യത്തിൽ സർക്കാരിന് യാതൊരു പങ്കുമില്ല, മറിച്ച് അഴിമതിക്കാരെ സംരക്ഷിക്കാനും അവരെ ശിക്ഷയിൽ നിന്ന് ഒഴിവാക്കാനുമാണ് സർക്കാർ ശ്രമിക്കുന്നത്.

**ഹെലികോപ്റ്റർ വാങ്ങിച്ചതിലെ കോഴ– ഏറ്റവും പുതിയ കുംഭകോണം**

കോടികൾ വരുന്ന പൊതുഖജനാവിലെ പണം വിവിധ കുംഭകോണങ്ങളിലൂടെ നഷ്ടപ്പെട്ടതിനു പുറമെയാണ് അഗസ്ത വെസ്റ്റ്ലാൻഡിൽ നിന്നും അവരുടെ മാതൃകമ്പനിയായ ഫിൻമെക്കനിക്കയിൽ നിന്നും വി.വി.ഐ.പി ഹെലികോപ്റ്റർ വാങ്ങിയതുമായി ബന്ധപ്പെട്ടുള്ള വൻ തുകയുടെ കോഴ. യു.പി.എ സർക്കാരിന്റെ കീഴിൽ നടന്നിട്ടുള്ള ഏറ്റവും പുതിയ കൊള്ളയാണ് ഇത്. പൊതുഖജനാവിലെ 4,000 കോടിയോളം രൂപ വരുന്ന ഇടപാടിനെ കുറിച്ച് കുറഞ്ഞത് കഴിഞ്ഞ ഒരു വർഷമായി ഗുരുതരമായ വിഷയങ്ങൾ ഉയർന്നു വന്നിരുന്നു. കഴിഞ്ഞ വർഷം തന്നെ ബി.ജെ.പി ഇത് പാർലമെന്റിൽ ഉന്നയിച്ചതാണ്. ആദായ നികുതി വകുപ്പു തന്നെ ഇതു സംബന്ധിച്ച് അന്വേഷണം നടത്താൻ അനുമതി

ചോദിച്ചിരുന്നു. 350 കോടി രൂപയോളം കോഴപ്പണം നൽകിയെന്ന വാർത്ത പൊതുജനമധ്യത്തിൽ വരികയും ചെയ്തിരുന്നു.എന്നാൽ ഇന്ത്യൻ സർക്കാർ ഇക്കാര്യത്തെ കുറിച്ച് അന്വേഷിച്ചില്ലെന്നു മാത്രമല്ല, കരാറുമായി ബന്ധപ്പെട്ട് യാതൊരു ക്രമക്കേടുമില്ലെന്ന് പാർലമെന്റിൽ പ്രഖ്യാപിക്കുകയും ചെയ്തു. കരാറുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും തീരുമാനിച്ചതും നടപ്പാക്കിയതും യു.പി.എ സർക്കാരാണ്. ഇറ്റാലിയൻ സർക്കാരാകട്ടെ, ഹെലികോപ്റ്റർ ഇടപാട് അന്വേഷിക്കുകയും ഇതിനൊടുവിൽ ഫിൻമെക്കനിക്ക സി.ഇ.ഒയെ അറസ്റ്റ് ചെയ്യുകയും ചെയ്തു. രാജ്യം മുഴുവൻ പ്രതിഷേധം ഉയർന്നതിനൊടുവിലാണ് സർക്കാർ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ നിർബന്ധിതമാകുന്നത്. ടുണീഷ്യ, മൗറീഷ്യസ് റൂട്ട് വഴി ഇടനിലക്കാർ കോഴപ്പണം വിവിധ ഇന്ത്യക്കാരിലെത്തിച്ചുവെന്ന് ഇപ്പോൾ സി.ബി.ഐ തന്നെ സമ്മതിച്ചിരിക്കുന്നു. ഇന്ത്യൻ നിയമം അനുസരിച്ച് ഇടനിലക്കാർ ഉൾപ്പെടുന്നത് ഗുരുതരമായ കുറ്റകൃത്യമാണ്. ആയുധ കരാറുകളുമായി ബന്ധപ്പെട്ടുള്ള കോഴ ഇടപാടുകളിൽ ഈ സർക്കാരിന്റെ പ്രവർത്തനം അത്ര കുപ്രസിദ്ധമാണ്. ബോഫോഴ്സ് കോഴ ഇടപാടിൽ ഒട്ടോവിയോ ക്വട്ടറോച്ചിയെ രക്ഷിച്ചെടുക്കാൻ എല്ലാ വിധ ശ്രമങ്ങളും നടത്തിയിരുന്നു. ക്വട്ടറോച്ചിയുടെ ഇറ്റാലിയൻ ബന്ധമായിരുന്നു അതിനു പിന്നിലെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്.

ഹെലികോപ്റ്റർ കുംഭകോണത്തിനും ഇതേ അവസ്ഥ വരാൻ പാടില്ല എന്ന കാര്യത്തിൽ ബി.ജെ.പി അതീവ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. ഈ കേസിൽ കുറച്ചു കാര്യങ്ങൾ വളരെ വ്യക്തമാണ്– ആരാണ് കോഴ നൽകിയത് എന്ന കാര്യം എല്ലാവർക്കും അറിയാം, എത്രയാണ് കോഴ എന്ന കാര്യവും അറിയാം, ഇന്ത്യയിൽ ഈ പണം ആർക്കാണ് ലഭിച്ചത് എന്ന കാര്യത്തിൽ മാത്രമാണ് അന്വേഷണം വേണ്ടത്. ഇത്തരത്തിലൊരു വൻ കുംഭകോണം ഒരു മുൻ വ്യോമസേനാ തലവന്റെയും അദ്ദേഹത്തിന്റെ സഹായികളിലും മാത്രമായി ഒതുക്കാൻ കഴിയില്ല. സർക്കാരിലെ ഉന്നതരും സ്വാധീന ശേഷിയുള്ളവരുമായവർ ഈ കുംഭകോണത്തിനു പിന്നിലുണ്ട്. അവരുടെ പേര് പുറത്തു വരണമെന്നാണ് രാജ്യത്തിന്റെ ആവശ്യം. അവർ ശിക്ഷിക്കപ്പെടുകയും വേണം. ഈ നടപടികൾ വേഗത്തിലാക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കണം. കഴിഞ്ഞ ഒരു വർഷമായി നടപടിയെടുക്കാതിരുന്നതിലൂടെ സർക്കാരിന്റെ വിശ്വാസ്യത തന്നെ നഷ്ടമായിട്ടുണ്ട്. ഉന്നത സ്ഥാനത്തുള്ള ആരെയോ രക്ഷിക്കുന്നതിന് ആരോ ശ്രമിക്കുന്നുണ്ട്. സുതാര്യമായ അന്വേഷണത്തിന് സർക്കാരിന് താത്പര്യമില്ല എന്നതിന് സംശയകരമായ നിരവധി സാഹചര്യങ്ങൾ തെളിവായുണ്ട്. ആർക്കാണ് കോഴപ്പണം ലഭിച്ചത് എന്ന കാര്യം കണ്ടെത്താൻ സർക്കാരിന് താത്പര്യമില്ല എന്ന കാര്യം രാജ്യസഭയിൽ ഈയിടെ ചർച്ചയിൽ ഉറപ്പാകുകയും ചെയ്തു. കഴിഞ്ഞ ഒരു വർഷം സർക്കാർ ഗൗരവകരമായ ഒരു അന്വേഷണവും ഇക്കാര്യത്തിൽ നടത്തിയിട്ടില്ല. ഇതിനിടയിൽ വിഷയം പൊതുജനമധ്യത്തിൽ എത്തുകയും ഇടനിലക്കാരെ കുറിച്ച് അന്വേഷണം നടത്തണമെന്ന് ആദായ നികുതി വകുപ്പ് ആവശ്യപ്പെടുകയും ചെയ്തു. കഴിഞ്ഞ ഒരു വർഷമായി ഇറ്റലിയിൽ അന്വേഷണം നടക്കുകയായിരുന്നിട്ടും ഇവിടെ സർക്കാർ അനങ്ങിയതേയില്ല. ഇപ്പോൾ പോലും സി.ബി.ഐ ഔദ്യോഗികമായി എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടില്ല. കോഴപ്പണം കൈപ്പറ്റിയവർ തീർച്ചയായും ഇന്ത്യയിൽ തന്നെ ഉള്ളവരാണ്. കാരണം ഇറ്റാലിയൻ കമ്പനിക്ക് കരാർ ലഭിക്കുന്നതിന് അവർ സ്വാധീനം ചെലുത്തിയിട്ടുണ്ട്. നേരത്തെ തന്നെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത്, പോലീസ്

അന്വേഷണം നടത്തിയിരുന്നെങ്കിൽ പ്രതികളെ അറസ്റ്റ് ചെയ്യാനും, ചോദ്യം ചെയ്യാനും രേഖകൾ ആവശ്യപ്പെടാനും ഇടനിലക്കാരെ വിട്ടു കിട്ടാൻ ശ്രമിക്കാനും കഴിയുമായിരുന്നു. എന്നാൽ ഇക്കാര്യത്തിൽ ഏകകണ്ഠമായ ആവശ്യം ഉയർന്നിട്ടും എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാനോ ഏതെങ്കിലും തരത്തിലുള്ള ഉറപ്പ് നൽകാനോ പോലുമോ സർക്കാരിന് കഴിഞ്ഞിട്ടില്ല. അതുകൊണ്ടു തന്നെ തിടുക്കത്തിലുള്ള സർക്കാരിന്റെ ഇപ്പോഴത്തെ ജെ.പി.സി പ്രഖ്യാപനം അന്വേഷണം വഴിതെറ്റിക്കാനും സമയം കൂട്ടിയെടുക്കാനും ഉദ്ദേശിച്ചുള്ളതാണ്. പോലീസ് അന്വേഷണത്തിൽ ഇടപെടാനോ അറസ്റ്റ് ചെയ്യാനോ ചോദ്യം ചെയ്യാനോ ജെ.പി.സിക്ക് അധികാരവുമില്ല. അല്ലെങ്കിൽ തന്നെ ജെ.പി.സി അന്വേഷണം മൂന്നു മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ സാധിക്കില്ല. അതിനൊപ്പം, സർക്കാർ അതിന്റെ അവസാന വർഷത്തിൽ നിൽക്കുമ്പോൾ ഇപ്പോഴത്തെ നടപടി തീർച്ചയായും സംശയാസ്പദമാണ്. തെളിവുകൾ നശിപ്പിക്കാൻ കുറ്റാരോപിതർക്ക് ആവശ്യത്തിന് സമയം നൽകുന്ന കാര്യത്തിൽ സർക്കാർ ഉറച്ച തീരുമാനത്തിലാണ് എന്നാണ് ഇതൊക്കെ സൂചിപ്പിക്കുന്നത്. കോഴ നൽകിയിട്ടുള്ളത് ആരാണ് എന്ന കാര്യം അറിയാമെങ്കിൽ, ഏതു വിധത്തിലാണ് ഇടപാടുകൾ നടന്നിട്ടുള്ളത് എന്ന വ്യക്തമായ സാഹചര്യത്തിൽ കോഴ കൈപ്പറ്റിയവരെയും, കരാറിൽ ഇടപെട്ട ഉന്നതരേയും ഉൾപ്പെടുത്തി അന്വേഷണം നടത്തുകയും അറസ്റ്റ് ചെയ്യുകയും വിചാരണ നടത്തുകയും വേണമെന്ന് ബി.ജെ.പി ആവശ്യപ്പെടുന്നു. അഴിമതി തടയുന്നതിന് വളരെ ഫലവത്തായ ഒരു ലോക്പാലും സ്വയംഭരണ സ്വാഭാവമുള്ള സി.ബി.ഐയും വളരെ ആവശ്യമാണ്. ഇതാണ് ഇക്കാര്യത്തിൽ ബി.ജെ.പിയുടെ നിലപാട്.

**ഇന്ത്യയുടെ പ്രതിച്ഛായയ്ക്ക് ഗുരുതരമായ ഇടിവ്**

ഇതിനു മുമ്പൊരിക്കലും ഇന്ത്യൻ സർക്കാരിന്റെ വിശ്വാസ്യത ഇപ്പോഴത്തെ വിധത്തിൽ ചോദ്യം ചെയ്യപ്പെട്ടിട്ടില്ല. യു.പി.എ സർക്കാരിന്റെ ഭരണത്തിനു കീഴിലുണ്ടായിട്ടുള്ള കുപ്രസിദ്ധമായ കുംഭകോണ പരമ്പരകൾ മൂലം രാജ്യത്തിന്റെ പ്രതിച്ഛായ ആഗോള തലത്തിൽ തന്നെ കളങ്കപ്പെട്ടിരിക്കുന്നു. രണ്ടാം യു.പി.എ സർക്കാരിന്റെ ഭരണത്തിലുള്ള പിടിപ്പുകേടും നയപരമായ കാര്യങ്ങളിലുള്ള മരവിപ്പുമാണ് ആഗോള തലത്തിൽ ഇന്ത്യയെ കുറിച്ചുള്ള ഇപ്പോഴത്തെ കാഴ്ചപ്പാട്.  പരിഷ്കരണ പരിപാടികൾ എന്നു പേരിട്ടു വിളിച്ചുള്ള ഭരണപരമായ തീരുമാനങ്ങൾ യാതൊരു വിധത്തിലുള്ള പ്രതിഫലനവും ഉണ്ടാക്കുന്നില്ല. കാരണം പ്രതീക്ഷകൾ അസ്തമിച്ചു കഴിഞ്ഞു. അതോടൊപ്പം, ഇന്ത്യ ഒരു ആഗോള ശക്തിയാകുന്നു എന്ന സ്വപ്നവും ഗൗരവകരമായി ചോദ്യം ചെയ്യപ്പെടുന്നുണ്ട്. ഈ രാജ്യത്തിന്റെ അസാധാരണമായ സാധ്യതകളും ഇവിടുത്തെ ജനങ്ങൾ നൽകുന്ന അതിരറ്റ വാഗ്ദാനങ്ങളും ഉള്ളപ്പോഴാണ് ഈ സ്ഥിതി സംഭവിച്ചിരിക്കുന്നത്. ഇപ്പോൾ ആ സ്ഥാനത്തുള്ളത് മടുപ്പും വിഷാദവുമാണ്.

**ഭീകരത ഉയർത്തുന്ന ഭീഷണി - ഇന്ത്യയുടെ സുരക്ഷയ്ക്ക് ഗുരുതര വെല്ലുവിളി**

2013 ഫെബ്രുവരി 21-ന് ഹൈദരാബാദിൽ നടന്ന ബോംബ് സ്ഫോടനത്തിൽ 16 പേർ കൊല്ലപ്പെടുകയും 90 പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. ഭീകരതയുടെ വൃത്തികെട്ട തല വീണ്ടും നമ്മുടെ സുരക്ഷയ്ക്ക് നാശമുണ്ടാക്കിയിരിക്കുന്നു. 2005 ജൂലൈ മുതൽ ഉണ്ടായിട്ടുള്ള 25-ഓളം ഭീകരാക്രമണങ്ങളിൽ നിഷ്കളങ്കരായ 500-ലേറെ ഇന്ത്യക്കാരാണ് കൊലപ്പെട്ടിട്ടുള്ളത്. കൊല്ലപ്പെട്ടിട്ടുള്ള

സുരക്ഷാ ജീവനക്കാരുടേയും  ജമ്മു-കാശ്മീരിലെ ജനങ്ങൾ ജനാധിപത്യ രീതിയിൽ തെരഞ്ഞെടുത്ത ഗ്രാമത്തലവന്മാരും എണ്ണം ഇതിനു പുറമെയാണ്. രാജ്യത്തിന്റെ രാഷ്ട്രീയ തലസ്ഥാനമായ ന്യൂഡൽഹി, വാണിജ്യ തലസ്ഥാനമായ മുംബൈ, വിജ്ഞാന തലസ്ഥാനമായ ബാംഗ്ലൂർ, ഹൈദരാബാദ്, ആത്മീയ കേന്ദ്രമായ വാരണാസി, സാംസ്കാരിക, വിദ്യാഭ്യാസ കേന്ദ്രമായ പൂനെ, തുടങ്ങി നിരവധി പട്ടണങ്ങളും ഗ്രാമങ്ങളും വരെ ഭീകരാക്രമണത്തിന് ഇരയായിട്ടുണ്ട്. ഭീകരാക്രമണങ്ങൾ നടപ്പാക്കുന്നവർക്കും അത് ആസൂത്രണം ചെയ്യുന്നവർക്കും പാക്കിസ്ഥാനിലാണ് സുരക്ഷിത കേന്ദ്രം. അവിടുത്തെ ഭരണവർഗവും സൈന്യവും അതിനു വേണ്ട ഒത്താശ ചെയ്യുന്നു. പാക്കിസ്ഥാനിലെ ഭരണകൂടവും അതിനു പുറത്തുള്ളവരും ഇക്കാര്യത്തിൽ അവരുടേതായ പങ്ക് വഹിക്കുന്നുണ്ട്. ലഷ്കർ-ഇ-തൊയ്ബ (എൽ.ഇ.ടി) പാക് ഭരണകൂടത്തിന്റെ അനുഗ്രഹാശിസുകൾ ആവോളം അനുഭവിക്കുന്നുണ്ടെന്നത് പരസ്യമായ വസ്തുതയാണ്. ഹൈദരാബാദ് സ്ഫോടനത്തിനു പിന്നിൽ പ്രവർത്തിച്ചവരെന്ന് പ്രധാനമായി സംശയിക്കപ്പെടുന്ന ഇന്ത്യൻ മുജാഹിദീൻ (ഐ.എം) രാജ്യത്തെ ഏറ്റവും മാരകമായ ഭീകര സംഘമായി വളർന്നിട്ടുണ്ട്. പ്രതികാരമാണ് അവരുടെ ലക്ഷ്യം. ജനങ്ങൾ തിങ്ങിക്കൂടുന്ന സ്ഥലങ്ങളിൽ ആക്രമണം നടത്തുകയാണ് അവർ പ്രധാനമായി ചെയ്യുന്നത്. ഇവർക്കു പിന്നിലുള്ള ഉന്നതർക്കും പാക്കിസ്ഥാനിലാണ് സുരക്ഷിത താവളം.

പാക്കിസ്ഥാൻ, അവരുടെ മണ്ണിൽ നിന്ന് ഇന്ത്യക്കെതിരെ പ്രവർത്തിക്കുന്ന ഭീകര സംഘടനകൾക്കെതിരെ കർശന നടപടി എടുത്തില്ലെങ്കിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെട്ടതാകില്ലെന്ന ഉറച്ച വിശ്വാസമാണ് ബി.ജെ.പിക്കുള്ളത്. മുൻ പ്രധാനമന്ത്രി ശ്രീ. അടൽ ബിഹാരി വാജ്പേയിയും പാക്കിസ്ഥാൻ പ്രസിഡന്റ് മുഷറഫുമായി ഉണ്ടാക്കിയ 2004-ലെ കരാറിൽ പാക്കിസ്ഥാൻ നൽകിയിട്ടുള്ള വാഗ്ദാനമാണിത്. എന്നാൽ യു.പി.എ സർക്കാർ ഈ കരാർ തന്നെ മറന്നേ പോയിരിക്കുന്നു. 26/11 ന് മുംബൈയിൽ നടന്ന ആക്രമണത്തിനു ശേഷം പാക്കിസ്ഥാനു നേർക്ക് കർശന നടപടി സ്വീകരിക്കാൻ ഒരുങ്ങിയതായിരുന്നു. എന്നാൽ കാലക്രമേണ ഇതിൽ അയവു വരുത്തി. 2009-ലെ ഷാം-എൽ-ഷെയ്ഖ് പ്രഖ്യാപനത്തിലൂടെ സർക്കാർ നിലപാടിൽ നിന്നു പിന്നോക്കം പോവുകയും മുംബൈ ഭീകരാക്രമണത്തിലെ പ്രതികൾക്കെതിരെ നടപടി വേണമെന്ന് ആവശ്യപ്പെടുന്നത് വെറും അനുഷ്ഠാനം മാത്രമാവുകയും ചെയ്തു.

ഭീകരതയെ രാഷ്ട്രീയവത്ക്കരിക്കുകയാണ് മിക്ക സമയത്തും യു.പി.എ ചെയ്യുന്നത്. എൻ.ഡി.എ സർക്കാർ കൊണ്ടു വന്ന  ഭീകര വിരുദ്ധ നിയമം (പോട്ട) സുപ്രീം കോടതി ശരി വച്ചിട്ടു പോലും എതിർക്കുകയായിരുന്നു യു.പി.എ. ഭീകര വിരുദ്ധമല്ല, ന്യൂനപക്ഷ വിരുദ്ധമാണ് അതെന്നായിരുന്നു അവരുടെ വാദം. ഭീകരതയ്ക്ക മതമോ നിറമോ ഇല്ലെന്നത് മറന്നു കൊണ്ടാണ് ഇപ്പോഴത്തെ ആഭ്യന്തര മന്ത്രി സുശീൽ കുമാർ ഷിൻഡെ കാവി, ഹിന്ദു ഭീകരത എന്ന് കുറ്റപ്പെടുത്തിയത്. അതിനൊപ്പം, നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ തന്തുക്കളെ പ്രതിനിധാനം ചെയ്യുന്നതാണ് കാവിയും ഹിന്ദു പാരമ്പര്യമെന്നതും അദ്ദേഹം മറന്നു പോയി. ഷിൻഡെയുടെ വാക്കുകൾ പാക്കിസ്ഥാനിലെ ഭീകരർക്ക് ആഹ്ളാദം പകരുന്നതായിരുന്നു. 26/11 ലെ മുംബൈ ആക്രമണത്തിന്റെ സൂത്രധാരൻ ഹഫീസ് സയീദ് ഇതിനെ പരസ്യമായി സ്വാഗതം ചെയ്തു. ബി.ജെ.പിയേയും ആർ.എസ്.എസിനേയും മുറിവേൽപ്പിക്കാൻ താൻ ഉദ്ദേശിച്ചിരുന്നില്ലെന്ന് ഷിൻഡെ ഖേദപ്രകടനം നടത്തിയതു കൊണ്ടു മാത്രം പാക്കിസ്ഥാനും

അവിടുത്തെ ഭീകര സംഘടനകളും അടിസ്ഥാനമില്ലാത്ത ആരോപണങ്ങൾ ഉന്നയിക്കുന്നത് അവസാനിപ്പിക്കുമെന്ന് കരുതാനാവില്ല.

ഏഴു വർഷം മുമ്പ് സുപ്രീം കോടതി വധശിക്ഷ ശരിവച്ചിട്ടും അഫ്സൽ ഗുരുവിന്റെ വധശിക്ഷ നടപ്പാക്കുന്നത് വോട്ടു ബാങ്ക് ലക്ഷ്യം വച്ച് സർക്കാർ നീട്ടിക്കൊണ്ടു പോവുകയായിരുന്നു. ഇതിനെ തുടർന്ന് ഭീകരർ ഏതെങ്കിലും വിധത്തിലുള്ള പ്രതികാരം ചെയ്യുന്നത് തടയാൻ ആവശ്യമായ മുൻകരുതലുകൾ സർക്കാർ സ്വീകരിക്കേണ്ടതായിരുന്നു. സ്ഫോടനം നടന്നേക്കുമെന്നതിനെ കുറിച്ച് സർക്കാരിന് വിവരമുണ്ടായിരുന്നുവെന്ന ഷിൻഡെയുടെ പ്രസ്താവന ഹൈദരാബാദ് സ്ഫോടനം തടയുന്നതിൽ പരാജയപ്പെട്ടു എന്ന വാസ്തവം ഇല്ലാതാക്കുന്നില്ല. ഇതിനെ കുറിച്ച് വിവരമുണ്ടായിട്ടും സ്ഫോടനം തടയുന്നതിൽ പരാജയപ്പെട്ടു എന്നതു സംബന്ധിച്ച് സർക്കാരിന് നിരവധി വിശദീകരണങ്ങൾ നൽകേണ്ടതുണ്ട്. വോട്ട് ബാങ്ക് രാഷ്ട്രീയത്തിനു വേണ്ടി ഭീകരതയെ രാഷ്ട്രീയവത്ക്കരിക്കുന്നതിലൂടെ രാജ്യത്തെ ദുർബലപ്പെടുത്തുകയും ഭീകരതയെ നേരിടാനുള്ള കരുത്തു കുറയ്ക്കുകയുമാണ് ചെയ്യുന്നത്. രാജ്യത്തിന്റെ സുരക്ഷയും അഖണ്ഡതയും മാത്രമല്ല, രാജ്യത്തിന്റെ പരമാധികാരവും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നതിനാൽ ഭീകരതയോട് യാതൊരു വിധത്തിലുള്ള വിട്ടുവീഴ്ചയും ഒത്തുതീർപ്പും പാടില്ലെന്ന ഉറച്ച വിശ്വാസമാണ് ബി.ജെ.പിക്കുള്ളത്. കടുത്ത തീരുമാനങ്ങൾ എടുക്കേണ്ടി വരികയാണെങ്കിൽ അതിന്റെ പ്രത്യാഘാതം കണക്കിലെടുക്കാതെ തന്നെ അത് സ്വീകരിക്കണം. ഭീകരതയ്ക്കെതിരെ പൊരുതുന്നതിന് ആവശ്യമായ സജ്ജീകരണങ്ങൾ പൂർണമായി ഒരുക്കേണ്ടതുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ യോജിപ്പോടെയുള്ള ഉത്തരവാദിത്തമാണ് ഭീകരതയെ നേരിടുക എന്നത്. നമ്മുടെ ഭരണഘടന അനുസരിച്ച് പ്രതിരോധം കേന്ദ്ര സർക്കാരിന്റെ ഉത്തരവാദിത്തത്തിൽ വരുന്നതാണ്. ക്രമസമാധാനവും പോലീസും സംസ്ഥാന സർക്കാരുകളുടെ പരിധിയിൽ വരും. ഫെഡറലിസം അംഗീകരിച്ചുകൊണ്ടും യോജിച്ചു കൊണ്ടുമാകണം ഭീകരതയ്ക്കെതിരായ പോരാട്ടം. സാങ്കൽപ്പിക ഫെഡറലിസവും ഭീകരതയും എന്ന ആശയം ചർച്ച ചെയ്യുന്നതിൽ കാര്യമില്ല. ദേശീയ ഭീകര വിരുദ്ധ ഏജൻസി (എൻ.സി.റ്റി.സി) യോട് ബി.ജെ.പിക്ക് തത്വത്തിൽ എതിർപ്പില്ല. എന്നാൽ അതിന്റെ അധികാരവും നിയമ പരിധിയും ഭരണഘടനയുടെ ചട്ടക്കൂടിനുള്ളിൽ നിന്നു കൊണ്ടാകണം.

മാവോയിസവും നക്സലിസവും ഗുരുതരമായ ഭീഷണിയായി മാറിയിരിക്കുന്നു. യാതൊരു വിധത്തിലുള്ള ആശങ്കകളുമില്ലാതെ അവർ ഗ്രാമ പ്രദേശങ്ങളിൽ നിഷ്കളങ്കരായ മനുഷ്യരെ കൊന്നൊടുക്കുന്നു. അതിനൊപ്പം, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സുരക്ഷാ ജീവനക്കാരെ കൂട്ടത്തോടെ വധിക്കുന്നു. ഇതൊരു ദേശീയ പ്രശ്നമായിട്ടു പോലും ഇതിനെ നേരിടുന്നതിന് ആവശ്യമായ കാഴ്ചപ്പാടോ ദിശാബോധമോ സർക്കാരിനില്ല.

ഇന്ത്യൻ സൈനികർക്കു നേരെയുള്ള പാക് സൈന്യത്തിന്റെ നിഷ്ഠൂരമായ ആക്രമണം

ജമ്മു-കാശ്മീർ അതിർത്തിയിൽ ഇന്ത്യയുടെ രണ്ട് ധീര ജവന്മാരെ പാക് സൈന്യം ഏറ്റവും മനുഷ്യത്വരഹിതവും നിഷ്ഠൂരവുമായ രീതിയിൽ കൊലപ്പെടുത്തിയ സംഭവത്തിൽ രാജ്യമെങ്ങും പ്രതിഷേധം ഉയർന്നിരുന്നു. അവരുടെ തല വെട്ടിയെടുത്ത സംഭവം ഒരു വിധത്തിലും അംഗീകരിക്കാൻ കഴിയാത്തതും അപലപനീയവുമാണ്. ഉചിതമായ സമയത്ത് ഇതിന് തക്ക തിരിച്ചടി നൽകാനുള്ള

നമ്മുടെ സൈന്യത്തിന്റെ വിവേചനാധികാരത്തെ നാം തിരിച്ചറിയുകയും ബഹുമാനിക്കുകയും വേണ്ടതുണ്ട്. ഇന്ത്യക്കെതിരായ ഭീകര പ്രവർത്തനങ്ങൾക്കു പുറമെയാണ് ഇതൊക്കെ നടക്കുന്നതും. അതുകൊണ്ടു തന്നെ പാക്കിസ്ഥാനുമായുള്ള ബന്ധത്തിൽ എവിടെ വരെ പോകാം എന്നതിന് അതിർത്തിരേഖ വരയ്ക്കേണ്ട സമയമായിരിക്കുന്നു. അതിർത്തിക്കപ്പുറത്തു നിന്ന് സ്പോൺസർ ചെയ്യുന്ന ഭീകരത മൂലം നിഷ്കളങ്കരായ ഇന്ത്യക്കാർ തുടർച്ചയായി മരിച്ചു കൊണ്ടിരിക്കുമ്പോൾ പാക്കിസ്ഥാനുമായി അർഥവത്തായ ഒരു ഇടപെടൽ സാധ്യമല്ല.

**ഇന്ത്യൻ രാഷ്ട്രീയ വ്യവഹാരത്തിൽ സ്ത്രീ സുരക്ഷ മുഖ്യ വിഷയമാകുന്നു**

രാജ്യതലസ്ഥാനത്ത് ഇന്ത്യയുടെ ധീരയായ മകളെ  മനുഷ്യത്വരഹിതമായ കൂട്ടബലാത്സംഗത്തിന് ഇരയാക്കി കൊലപ്പെടുത്തിയത് രാജ്യത്തെ മുഴുവൻ ഞെട്ടിച്ച സംഭവമാണ്. ഇന്ത്യയുടെ തലസ്ഥാന നഗരിയിൽ തന്നെയാണ് ഇത് നടന്നത് എന്നതിനാൽ ഇത് കടുത്ത നാണക്കേടുണ്ടാക്കുന്നതും ശക്തമായി അപലപിക്കേണ്ടതുമാണ്. ജനങ്ങൾക്കുണ്ടായ രോഷം നീതീകരിക്കാൻ പറ്റുന്നതാണ്. യുവാക്കൾ നടത്തിയ പ്രതിഷേധ മാർച്ചുകൾ ഏറ്റവും മോശപ്പെട്ട രീതിയിലാണ് ഡൽഹി പോലീസും ഭരണകൂടവും കൈകാര്യം ചെയ്തത്. ആൺകുട്ടികളും പെൺകുട്ടികളും ചിലരുടെ മാതാപിതാക്കളും വരെ കഠിനമായ ലാത്തിച്ചാർജിന് ഇരയാകേണ്ടി വന്നു. കൊടും തണുപ്പിൽ അവർക്കെതിരെ ജലപീരങ്കി പ്രയോഗിച്ചു. സ്ത്രീകൾക്കെതിരായ പീഡനങ്ങൾ ഇന്നും തുടർന്നു കൊണ്ടേയിരിക്കുന്നു. ഭണ്ഡാര (മഹാരാഷ്ട്ര)യിൽ മൂന്നു പിഞ്ചു പെൺകുഞ്ഞുങ്ങളെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവം ശക്തമായി അപലപിക്കേണ്ടതാണ്. തങ്ങൾ സുരക്ഷിതരാണെന്ന് ഇന്ത്യയിലെ സ്ത്രീകൾക്കു തോന്നിയാൽ മാത്രമേ ഇന്ത്യ വളരുകയുള്ളൂ. ഇത് നമ്മുടെ കൂട്ടുത്തരവാദിത്തമാണ്.ഇക്കാര്യത്തിൽ ആവശ്യമായ എല്ലാ നിയമ, ഭരണപരമായ നടപടികൾ സ്വീകരിക്കുന്നതിന് ബി.ജെ.പി പൂർണ പിന്തുണ നൽകും. വെറും കാട്ടിക്കൂട്ടൽ നടപടികൾ കൊണ്ട് കാര്യമില്ല. പോലീസ്, നിയമ, ജുഡീഷ്യൽ മേഖലകൾ ശക്തിപ്പെടുത്തിക്കൊണ്ട് അതിവേഗം കുറ്റവാളികളെ പിടികൂടാനും ശിക്ഷിക്കാനുമായിരിക്കണം മുൻഗണന നൽകേണ്ടത്.

**അസമിലെ സ്ഥിതിഗതികൾ അതീവ രൂക്ഷം**.

അസമിലെ സ്ഥിതിഗതികൾ രൂക്ഷമായി തുടരുകയാണ്. വോട്ട് ബാങ്ക് ലക്ഷ്യമിട്ട് മാത്രം ഭരിക്കുന്ന ദുർബലമായ കോൺഗ്രസ് സർക്കാർ ബംഗ്ലാദേശിൽ നിന്നുള്ള നുഴഞ്ഞു കയറ്റക്കാർക്ക് ഇടം കൊടുക്കുകയും അവർ അസമിന്റെ വിവിധ ഭാഗങ്ങളിൽ അനധികൃതമായി പാർപ്പുറപ്പിക്കുകയും ചെയ്യുന്നത് എരിതീയിൽ എണ്ണയൊഴിക്കൽ തന്നെയാണ്. അസമിലെ ഗോത്ര ജനവിഭാഗമാണ് ഇതിന്റെ പരിണതഫലങ്ങൾ ഏറ്റവും കുടുതൽ അനുഭവിക്കുന്നത്. ഈയിടെ റാഫാ ഹസോങ് ഓട്ടോണമസ് കൗൺസിലിലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിനെ എതിർത്ത 20 ഗോത്ര വംശജരാണ് ഗോൽപ്പാര ജില്ലയിൽ കൊല്ലപ്പെട്ടത്. ഗോത്ര വർഗങ്ങളുടെ നിയമാനുസൃതമായ എതിർപ്പിനെ മറികടന്ന് ഇത്തരമൊരു തെരഞ്ഞെടുപ്പു നടത്താനുള്ള അനധികൃത കുടിയേറ്റക്കാരുടെ നിർബന്ധനത്തിന് ഗോഗോയി സർക്കാർ വഴങ്ങുകയായിരുന്നു. നേരത്തെ കൊക്രജാർ ജില്ലയിലുണ്ടായ വംശീയ കലാപത്തിൽ 50 പേർ കൊല്ലപ്പെടുകയും രണ്ടു ലക്ഷത്തിലേറെ പേർക്ക് ഭവനരഹിതരാകുകയും ചെയ്തിരുന്നു. ബംഗ്ലാദേശിൽ നിന്നുള്ള അനധികൃത മുസ്ലീം കുടിയേറ്റക്കാർ മൂലം അതിർത്തിയോട്

ചേർന്നു കിടക്കുന്ന ജില്ലകളിലെ ജനസംഖ്യാ ഘടന തന്നെ മാറിപ്പോവുകയും ഇവരും തദ്ദേശവാസികളായ ബോഡോകളും തമ്മിൽ കലാപം പൊട്ടിപ്പുറപ്പെടുകയുമായിരുന്നു. ബോഡോകൾ താമസിക്കുന്ന മേഖലകളിലേക്കുള്ള ഈ അനധികൃത കുടിയേറ്റത്തിനു പുറമെ അവരുടെ ഭൂമി വൻതോതിൽ തട്ടിയെടുക്കുന്നതിലേക്ക് കാര്യങ്ങൾ മാറി. തുടർന്ന് തങ്ങളുടെ സ്വന്തം ഭൂമിയിൽ ബോഡോകൾ പാർശ്വവത്ക്കരിക്കപ്പെടുകയായിരുന്നു. അസമിൽ നിന്ന് കഴിഞ്ഞ 20 വർഷത്തിലേറെയായി രാജ്യസഭാ അംഗമായിരിക്കുന്ന പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് ഇനിയെങ്കിലും ഇവിടുത്തേത് ഗുരുതരമായ സ്ഥിതിവിശേഷമാണെന്ന് മനസിലാക്കണം. ഇതൊരു ദേശീയ പ്രശ്നം തന്നെയാണു താനും. അസമിലെ ഗോത്ര വിഭാഗത്തിന് സുരക്ഷ ഉറപ്പു നൽകുന്നതിൽ തരുൺ ഗോഗോയ് സർക്കാർ പൂർണ പരാജയമാണ്. അസമിലേയും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലേയും ഗോത്ര വിഭാഗങ്ങളുടെ താത്പര്യങ്ങളേക്കാൾ കോൺഗ്രസ് സർക്കാരിന് ബംഗ്ലാദേശിൽ നിന്നുള്ള അനധികൃത കുടിയേറ്റക്കാരുടെ താത്പര്യം സംരക്ഷിക്കലാണ് പ്രധാനം.

**രാമസേതു ഏതെങ്കിലും വിധത്തിൽ കേടുവരുത്തുന്നത് അംഗീകരിക്കില്ല.**

സേതു സമുദ്രം പദ്ധതിയുടെ പേരിൽ രാമസേതു ഏതെങ്കിലും വിധത്തിൽ കേടു വരുത്തുന്നത് ബി.ജെ.പി ശക്തമായി എതിർക്കും. പദ്ധതിയുമായി ബന്ധപ്പെട്ട് ഗൗരവകരമായ പാരിസ്ഥിതിക, സാമ്പത്തിക പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടിയുള്ള പച്ചോരി പാനലിന്റെ റിപ്പോർട്ട് യു.പി.എ സർക്കാർ ഈയിടെ തള്ളിക്കളഞ്ഞിരുന്നു. നിഷ്പക്ഷമായി നോക്കിയാൽ പദ്ധതിക്കു വേണ്ടി മറ്റൊരു റൂട്ട് കണ്ടു പിടിക്കാൻ കഴിയും. എന്നാൽ ഇന്ത്യൻ സർക്കാരിന്റെ ഉദ്ദേശ ശുദ്ധി സംശയാസ്പദമാണ്. ഭഗവാൻ ശ്രീരാമന്റെ അസ്ഥിത്വം തന്നെ ചോദ്യം ചെയ്തു കൊണ്ട് സർക്കാർ നേരത്തെ സുപ്രീം കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചിരുന്നു. രാജ്യവ്യാപകമായി പ്രതിഷേധം ഉയർന്നതിനെ തുടർന്നാണ് സർക്കാർ ഇത് പിൻവലിച്ചത്. ഏതെങ്കിലും വിധത്തിൽ രാമസേതുവിന് കേടുപാടു വരുത്തുന്നത് ഒരു വിധത്തിലും അംഗീകരിക്കാൻ പറ്റില്ല. ഇന്ത്യൻ സംസ്കാരത്തിന്റേയും ആത്മീയതയുടേയും സാംസ്കാരിക പൈതൃകത്തിന്റേയും ആകെത്തുകയാണ് ഭഗവാൻ ശ്രീരാമൻ. ഭഗവാൻ ശ്രീരാമനില്ലാതെ ഇന്ത്യയുടെ സ്വത്വം ഒരിക്കലും പൂർത്തിയാകില്ല. അതുപോലെ തന്നെ രാമസേതുവില്ലാതെ ശ്രീരാമനും പൂർത്തിയാകില്ല. ഈ സാഹചര്യത്തിൽ, രാമസേതു ദേശീയ പ്രാധാന്യമുള്ള സ്മാരകമായി പ്രഖ്യാപിച്ച തമിഴ്നാട് സർക്കാരിനെ ബി.ജെ.പി അഭിനന്ദിക്കുന്നു.

ഗംഗയും യമുനയും വെറും നദികൾ മാത്രമല്ല, നമ്മുടെ രാജ്യത്തിന്റെ ജീവനാഡിയും അതിന്റെ പൈതൃകം പേറുന്നവയുമാണ്. എന്നാൽ അവയുടെ നിലവിലെ അവസ്ഥ ഉത്കണ്ഠാജനകമാണ്. അവ തടസമില്ലാതെ ഒഴുകാനും വൃത്തിയായും സൂക്ഷിക്കാനുമുള്ള സാഹചര്യമുണ്ടാകണം. അതുവഴി അവയുടെ യഥാർഥ പ്രതാപം വീണ്ടെടുക്കാൻ രാജ്യവ്യാപകമായ ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

**നരേന്ദ്ര മോഡിക്കു കീഴിൽ ഗുജറാത്തിൽ ബി.ജെ.പിക്ക് തുടർച്ചയായ മൂന്നാം ചരിത്ര വിജയം.**

മുഖ്യമന്ത്രി നരേന്ദ്ര മോഡിയുടെ കഴിവുറ്റ സാമർഥ്യത്തിനു കീഴിൽ ബി.ജെ.പിക്ക് ഗുജറാത്തിൽ തുടർച്ചയായി മൂന്നാം  വട്ടവും വിജയം സമ്മാനിച്ചതിന് ദേശീയ കൗൺസിൽ ഗുജറാത്തിലെ ജനങ്ങളെ അഭിനന്ദിക്കുന്നു. മോഡിയുടെ മികച്ച ഭരണവും അതുവഴി എല്ലാ മേഖലയിലുമുള്ള വികസനവും

നടപ്പായത് ജനങ്ങളുടെ പിന്തുണ കൊണ്ടാണ്. അതുകൊണ്ടു തന്നെയാണ് മൂന്നാം വട്ടവും ബി.ജെ.പി ഗുജറാത്തിൽ വിജയക്കൊടി പാറിച്ചതും. കോൺഗ്രസ് പാർട്ടിയുടെ മുതിർന്ന പല നേതാക്കളും പരാജയപ്പെടുക മാത്രമല്ല, ശക്തിയുള്ള ഒരു മത്സരം കാഴ്ചവയ്ക്കാൻ പോലും അവർക്കായില്ല. അടുത്ത ഏതാനും മാസങ്ങൾക്കുള്ളിൽ തെരഞ്ഞെടുപ്പ് നടക്കാൻ പോകുന്ന മധ്യപ്രദേശിലും ഛത്തീസ്ഗഡിലും മുഖ്യമന്ത്രിമാരായ ശിവരാജ് സിംഗ് ചൗഹാനും രമൺ സിംഗും തങ്ങളുടെ മികച്ച പ്രകടനം കൊണ്ടു തന്നെ മൂന്നാം വട്ടവും അധികാരത്തിലേറുമെന്ന കാര്യത്തിൽ ബി.ജെ.പിക്ക് വിശ്വാസമുണ്ട്.

ഗുജറാത്തിലെ തെരഞ്ഞെടുപ്പ് വിജയത്തിൽ ആഹ്ളാദിക്കുമ്പോൾ തന്നെ ഹിമാചൽ പ്രദേശിൽ സംഭവിച്ച പരാജയത്തെ കുറിച്ച് ആഴത്തിൽ പരിശോധന നടത്തേണ്ടതുണ്ട്. ഇപ്പോൾ രാഷ്ട്രപതി ഭരണത്തിലുള്ള ഝാർഖണ്ഡിൽ ഏറ്റവും വേഗത്തിൽ തന്നെ തെരഞ്ഞെടുപ്പു നടത്തി പോപ്പുലർ സർക്കാരിനെ തെരഞ്ഞെടുക്കാനുള്ള അവസരം ജനങ്ങൾക്ക് നൽകണം. രാഷ്ട്രപതി ഭരണം മുൻനിർത്തിക്കൊണ്ട് പരോക്ഷമായി തന്നെ കോൺഗ്രസ് ഭരണം ഏർപ്പെടുത്താനുള്ള കേന്ദ്രത്തിന്റെ ഒര ശ്രമവും അംഗീകരിക്കാൻ പറ്റില്ല.
നാഗാലാൻഡിൽ ബി.ജെ.പിയുമായി സഖ്യത്തിലുള്ള നാഗാ പീപ്പിൾസ് ഫ്രണ്ട് അധികാരം നിലനിർത്തിയതിനെ അഭിനന്ദിക്കുന്നു. ഇന്ത്യൻ ഭരണഘടനയ്ക്കുള്ളിൽ നിന്നു കൊണ്ട് നാഗാ പ്രശ്നങ്ങൾ സംബന്ധിച്ചുള്ള രാഷ്ട്രീയ പ്രമേയത്തിന്റെ കാര്യത്തിൽ തീരുമാനമെടുക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്.
ഇന്ത്യയെ വീണ്ടെടുക്കൽ - ബി.ജെ.പി നേതൃത്വത്തിലുള്ള എൻ.ഡി.എ ഏക പോംവഴി

സാധാരണക്കാരുടെ ജീവിതം ദുരിതമയമാക്കിയ യു.പി.എ സർക്കാരിന്റെ ഭരണത്തിനു കീഴിൽ നടക്കുന്ന വിലക്കയറ്റം, ഭരണമില്ലായ്മ, വൻ അഴിമതികൾ തുടങ്ങിയവയൊക്കെ കൊണ്ട് ജനങ്ങൾ ഏറെ നിരാശരാണ്. ഇന്ത്യയെ ഒരു വൻ ശക്തിയാക്കുന്ന തരത്തിൽ ശ്രീ. അടൽ ബിഹാരി വാജ്പേയിയുടെ കീഴിൽ എൻ.ഡി.എ സർക്കാർ നടപ്പാക്കിയ കാര്യങ്ങൾ ജനങ്ങൾ ഇപ്പോൾ ഓർക്കുന്നു. പ്രതീക്ഷയും ജിജ്ഞാസയും, പങ്കാളിത്തവും വളർച്ചാ നിരക്കും വിലക്കയറ്റം പിടിച്ചു നിർത്തലും ഒക്കെ കൂടിയുള്ള ഭരണമായിരുന്നു അത്. എന്നാൽ ആ സ്ഥാനത്ത് ഇന്ന് നിരാശയും ദു:ഖവും പടർന്നിരിക്കുന്നു. സുരക്ഷിതമല്ലാത്ത ഇന്ത്യ, ക്ലേശിക്കുന്ന ഇന്ത്യ എന്ന പേര് ബാക്കി വച്ചു കൊണ്ടാണ് യു.പി.എ സർക്കാരിന്റെ സമയം അവസാനിക്കുന്നത്. ബി.ജെ.പിയുടെ നേതൃത്വത്തിലുള്ള എൻ.ഡി.എ സർക്കാരിന്റെ കീഴിൽ ഇന്ത്യയെ വീണ്ടെടുക്കേണ്ടതുണ്ട്. യു.പി.എയ്ക്കു കീഴിൽ രാജ്യത്തിന്റെ വളർച്ചാ നിരക്ക് അഞ്ച് ശതമാനത്തിൽ താഴെ പോയപ്പോൾ എൻ.ഡി.എ ഭരിക്കുന്ന സംസ്ഥാനങ്ങളായ ഗുജറാത്ത്, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, ബിഹാർ, പഞ്ചാബ് സംസ്ഥാനങ്ങളിലെ വളർച്ചാ നിരക്ക് 10 ശതമാനത്തിനു മുകളിലാണെന്നത് അഭിമാനകരമാണ്. വളർച്ച ലക്ഷ്യമിട്ടുള്ള മികച്ച ഭരണത്തിലൂടെ ഇത് ഇന്ത്യയിലും സാധ്യമാക്കാവുന്നതേയുള്ളൂ. രാജ്യത്തെ ഉണർത്തേണ്ട സമയമായി. എൻ.ഡി.എ വിപുലപ്പെടുത്തേണ്ടതുണ്ട്. ഏതു സമയത്ത് തെരഞ്ഞെടുപ്പ് നടന്നാലും ഒരു മാറ്റം സംഭവിക്കുമെന്ന പ്രതീക്ഷ വളർത്തേണ്ടതുണ്ട്. രാജ്യത്തെ ജനങ്ങളോട്, പ്രത്യേകിച്ച് യുവാക്കളോട് ബി.ജെപിക്ക് പറയാനുള്ളത്, ഇന്ത്യക്ക് ഈ രാജ്യം അർഹിക്കുന്ന പദവി
നേടിയെടുക്കാൻ-പ്രതീക്ഷയുടെ ഇന്ത്യ, സുരക്ഷിത ഇന്ത്യ, എല്ലാവരേയും ഉൾക്കൊള്ളുന്ന വികസന

ഇന്ത്യ- കഴിയുമെന്നാണ്. അതുകൊണ്ടു തന്നെ കാര്യങ്ങൾ വളരെ വ്യക്തമാണ്. കോൺഗ്രസ് നേതൃത്വത്തിലുള്ള യു.പി.എ സർക്കാരിന്റെ ദുരിതം മാത്രം സമ്മാനിക്കുന്ന ഭരണം അവസാനിപ്പിക്കുക. മികച്ച ഭരണം കാഴ്ച വയ്ക്കുന്നതിൽ റെക്കോഡുള്ള ബി.ജെ.പി നയിക്കുന്ന എൻ.ഡി.എ മാത്രമാണ് ഏക പോംവഴി. ഈ ലക്ഷ്യം നേടിയെടുക്കാൻ എല്ലാ പാർട്ടി പ്രവർത്തകരും ഒത്തൊരുമയോടെ, സ്വയം സമർപ്പിക്കാൻ ദേശീയ കൗൺസിൽ ആഹ്വാനം ചെയ്യുന്നു.